റീസർവ്വേ നടപടികൾ

177(1244) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിലാണ് ഇനിയും റീ-സർവ്വേ നടപടികൾ പൂർത്തിയാക്കാനുള്ളതെന്നും ഇവിടുത്തെ റീ-സർവ്വേ നടപടികൾ പൂർത്തിയാക്കാൻ വൈകുന്നതിനുള്ള കാരണം എന്തെന്നും വ്യക്തമാക്കുമോ;

(ബി) റീ-സർവ്വേ നടപടികൾ പൂർത്തിയാക്കാനുള്ള വില്ലേജുകളിലെ നടപടികൾ എന്ന് പൂർത്തിയാക്കാനാവുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വൈക്കം നിയോജക മണ്ഡലത്തിലെ ഒരു വില്ലേജിലും റീ-സർവ്വേ പൂർത്തിയാക്കിയിട്ടില്ല. സംസ്ഥാനത്ത് നിലവിൽ റീ-സർവ്വേ പ്രവർത്തനം സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്.

തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും

178(1245) ശ്രീ. കെ. അച്ചുതൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) തൊണ്ട് സംഭരണത്തിനും ചകിരി ഉൽപ്പാദനത്തിനും വേണ്ടി പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് 2010-ലും 2012-ലും തൊണ്ട് സംഭരണ പദ്ധതി നടപ്പിലാക്കിയെങ്കിലും പ്രതീക്ഷിച്ച നേട്ടം ഈ മേഖലയിൽ കൈവരിക്കാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല. ഈ പോരായ്മ പരിഹരിക്കുന്നതിനും കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കിവരുന്നു.

GPM. 2/239/2020-29

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് അത്രയും സംഭരിച്ച് ചകിരി ഉൽപ്പാദിപ്പിച്ച് കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കി കയർ മേഖലയിലെ ചകിരി ക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനും അതുവഴി കയർ മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽദിനങ്ങളും വേതനവും ഉറപ്പാക്കുക, കയർ ഉൽപ്പാദനവും വിറ്റുവരവും വർദ്ധിപ്പിച്ച് കയർ യൂണിറ്റുകളെ ലാഭകരമാക്കുക തുടങ്ങിയവയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(സി) കയർ വകുപ്പിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാനത്തെ കയർ മേഖലയിലെ സഹകരണ സംഘങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട്, പ്രോജക്ട് തിരിച്ചും സെമിനാറുകൾ നടത്തിയും പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദീകരിച്ചിരുന്നു. ഇതിന്റെ ഭാഗമായി പദ്ധതിയിലെ മാനദണ്ഡങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള റിവോൾവിംഗ് ഫണ്ട് നൽകുന്നതിനും ഉൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനായി 1,65,00,000 രൂപ 10 പ്രോജക്ട് ഓഫീസുകൾക്ക് അനുവദിച്ചിട്ടുണ്ട്. നാളികേര വികസന ബോർഡുമായി ചേർന്നുള്ള 102.79 ലക്ഷം രൂപയുടെ പ്രോജക്ടിന് തുക റിലീസ് ചെയ്തിട്ടുണ്ട്. കയർ വികസന ഡയറക്ടറുടെ നിയന്ത്രണത്തിൽ സംസ്ഥാനതലത്തിലും പ്രോജക്ട് ഓഫീസർമാരുടെ നിയന്ത്രണത്തിൽ പ്രോജക്ട് തലത്തിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം രൂപീകരിക്കേണ്ട-ചകിരി, കയർ എന്നിവയുടെ-വിലനിർണ്ണയ സമിതി രൂപീകരിച്ചു കൊണ്ട് 12-10-2015-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്.

കയർ മേഖലയുടെ സംരക്ഷണം

179 (1246) ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. ശശി :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര തൊഴിലാളികൾ കയർ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) കുറഞ്ഞ കൂലി നിരക്കും അസംസ്കൃത വസ്തുവായ തൊണ്ടിന്റെ ദൗർലഭ്യവും, തൊഴിലാളികളുടെ മോശമായ സാമൂഹിക സാമ്പത്തിക സ്ഥിതിയും കയർവ്യവസായത്തെ മൊത്തത്തിൽ പിന്നോട്ടടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കയർ മേഖലയെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly